**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പ് - ടൗൺ പ്ലാനർ ശ്രീ.ജെ. അശോക് കുമാറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2678/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.10.2014

================================================================

പരാമർശം:
1. 06.05.1997 തീയതിയിലെ ജി.ഒ.(ആർ.ടി) നമ്പർ 1597/97/തസ്വഭവ. നമ്പർ ഉത്തരവ്.
2. 17.06.1999 തീയതിയിലെ സ.ഉ. (സാധ.) 1954/99/തസ്വഭവ. നമ്പർ ഉത്തരവ്.
3. 01.01.2005 തീയതിയിലെ സ.ഉ.(സാധ)14/05/തസ്വഭവ. നമ്പർ ഉത്തരവ്.
4. 15.05.2007, 12.09.2011 എന്നീ തീയതികളിലെ ടൗൺ പ്ലാനർ ശ്രീ.ജെ.അശോക് കുമാറിൽ നിന്നുള്ള അപേക്ഷ.
5. 29.03.2014 തീയതിയിലെ 42395/ഇയു4/07/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
6. മുഖ്യനഗരാസൂത്രകന്റെ 27.05.2014-ലെ A3-5461/04 നമ്പർ കത്ത്.
7. 16.05.2014-ന് ടൗൺ പ്ലാനർ ശ്രീ.ജെ.അശോക് കുമാർ കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയ മറുപടി.
8. 15.07.2014 തീയതിയിലെ 42395/ഇയു4/09/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
9. 06.08.2014-ൽ ടൗൺ പ്ലാനർ ശ്രീ.ജെ.അശോക് കുമാർ നൽകിയ ഡിഫൻസ് സ്റ്റേറ്റ്മെന്റ്.

<u>**ഉത്തരവ്**</u>

നഗരാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനറായ ശ്രീ.ജെ.അശോക് കുമാറിന് സൂചന ഒന്നു പ്രകാരം അനുബന്ധം XII A പാർട്ട് I കെ.എസ്.ആർ. അനുസരിച്ച് രണ്ട് വർഷത്തെ ശൂന്യവേതനാവധി അനുവദിക്കുകയും ടിയാൾ 14.06.1997 മുതൽ പ്രസ്തുത അവധിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്നു സൂചന 2

പ്രകാരം 14.06.1999 മുതൽ അഞ്ച് വർഷത്തേക്കും സൂചന 3 പ്രകാരം 14.06.2004 മുതൽ മൂന്ന് വർഷത്തേയ്ക്കും ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു.

അനുവദിച്ച അവധിയുടെ കാലാവധി 13.06.2007-ൽ അവസാനിച്ചതിനെ തുടർന്ന്, 14.06.2007 മുതൽ 3 വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിക്കുന്നതിന് 15.05.2007-ൽ ടിയാൾ അപേക്ഷ നൽകിയിരുന്നുവെങ്കിലും, അപേക്ഷയോടൊപ്പം നൽകേണ്ട പ്രൊഫോർമ, ഡിക്ലറേഷൻ എന്നിവ ഉൾപ്പെടുത്താതിരുന്നതിനാൽ ആയതു ഹാജരാക്കുവാൻ ടിയാളോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ടി രേഖകൾ ടിയാൾ 13.09.2011-ലാണ് ഹാജരാക്കിയിട്ടുള്ളത്. യഥാസമയം രേഖകൾ ഹാജരാക്കാതിരുന്നതിനാൽ 14.06.2007 മുതൽ 13.06.2010 വരെയുള്ള ശൂന്യവേതനാവധി അനുവദിച്ചിട്ടില്ല.

അതേ സമയം, അവധി അപേക്ഷയിലെ കാലാവധി അവസാനിച്ചിട്ടും ടിയാൾ 14.06.2010-ൽ ജോലിയിൽ തിരികെ പ്രവേശിച്ചിരുന്നില്ല. അനധികൃത ഹാജരില്ലായ്മയിൽ തുടർന്ന ടിയാൾ 12.09.2011-ലെ അപേക്ഷ പ്രകാരം 14.06.2010 മുതൽ മൂന്ന് വർഷത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്ക് അപേക്ഷിക്കുകയുണ്ടായി. അവധി അപേക്ഷകൾ മുറപ്രകാരം ഉള്ളതല്ലാത്തതിനാൽ ഉടൻ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് മുഖ്യനഗരാസൂത്രകൻ മുഖാന്തിരം നിർദ്ദേശം നൽകിയതിനെ തുടർന്ന് 27.08.2013-ൽ ടിയാൾ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്.

14.06.2007 മുതലുള്ള അവധി അനുവദിച്ചിട്ടില്ലാത്തതിനാലും 14.06.2010 മുതൽ 26.08.2013 രെ ടിയാൾ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതിനാലും, സർക്കാർ റൂൾ 15 KCS(CC&A) റൂൾസ് 1960 അനുസരിച്ച് ടിയാൾക്ക് സൂചന 5 പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. മെമ്മോ ഓഫ് ചാർജിന് ടിയാൾ നൽകിയ മറുപടിയും മുഖ്യനഗരാസൂത്രകന്റെ ഇക്കാര്യത്തിലുള്ള റിപ്പോർട്ടും പരിശോധിച്ചു.

സൂചന 7 പ്രകാരം മെമ്മോ ഓഫ് ചാർജിന് നൽകിയ മറുപടിയിൽ ഗാർഹികമായ ചില പ്രശ്നങ്ങൾ കാരണമാണ് യഥാസമയം ലീവ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്നത് എന്ന് ബോധിപ്പിച്ചിരുന്നു. പ്രതിവാദ പത്രികയിൽ ടിയാളെ നേരിൽ കേൾക്കണമെന്നും

ആവശ്യപ്പെട്ടിരുന്നതനുസരിച്ച് സർക്കാർ പ്രതിനിധി 11.06.2014-ൽ ടിയാളെ നേരിൽ കേൾക്കുകയുണ്ടായി.

അനുബന്ധം XII A പ്രകാരമുള്ള അപേക്ഷ യഥാസമയം സമർപ്പിക്കാതിരിക്കുകയും അവധി അനുവദിക്കാതെ ജോലിയിൽ നിന്നും വിട്ടു നിന്നത് ഗുരുതരമായ കൃത്യവിലോപമാണ്. കെ.സി.എസ്. (സി.സി.&എ) റൂൾ 15 പ്രകാരം മേജർ പെനാൽറ്റിക്ക് ചാർജ്ജ് മെമ്മോ നൽകിയ കേസിൽ കുടംബപരമായ പ്രശ്നങ്ങൾ മൂലം യഥാസമയം അവധി അപേക്ഷ നൽകാൻ കഴിഞ്ഞില്ല എന്ന വിശദീകരണം തൃപ്തികരമല്ല. ആയതിനാൽ ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കാതിരിക്കുന്നതിന് ശ്രീ.ജെ. അശോക് കുമാറിന് സൂചന 8 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. സൂചന 9 പ്രകാരം കാരണം കാണിക്കൽ നോട്ടീസിന് നൽകിയ വിശദീകരണം ടിയാളെ കുറ്റവിമുക്തനാക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ശ്രീ.ജെ. അശോക് കുമാറിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടുകൂടിയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടുള്ള തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**എസ്. വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ശ്രീ.ജെ. അശോക് കുമാർ, ടൗൺ പ്ലാനർ
(ചീഫ് ടൗൺ പ്ലാനർ മുഖേന)
അക്കൌണ്ടന്റ് ജനറൽ (എ& ഇ)/ആഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**